(ഡി) പ്രസ്തുത റോഡിന്റെ നിർമ്മാണച്ചുമതല ആർ.ബി.ഡി.സി.കെ. ലിമിറ്റഡിനാണ്. റവന്യൂ വകുപ്പുവഴി സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞാലുടൻ തന്നെ പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

മലപ്പുറം ജില്ലയിലെ തിരുനാവായ തവനൂർ പാലം

253 (1287) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ തിരുനാവായ-തവനൂർ പാലത്തിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ സ്ഥലമെടുപ്പ് നടപടികൾക്കാവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാന റോഡ്സ് & ബ്രിഡ്ജ് കോർപ്പറേഷൻ തിരുനാവായ-തവനൂർ പാലവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) തുക വകയിരുത്തിയിട്ടില്ല.

(സി) സ്ഥലമെടുപ്പ് നടപടികൾക്കാവശ്യമായ തുക അനുവദിച്ചിട്ടില്ല.

(ഡി) സർവ്വേ നടത്തി പാലത്തിന്റെ രൂപരേഖ തയ്യാറാക്കി അതിർത്തിക്കല്ലുകൾ സ്ഥാപിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി അർത്ഥനാപത്രം മലപ്പുറം ജില്ലാകലക്ടർക്ക് സമർപ്പിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി ജില്ലാ പർച്ചേസ് കമ്മിറ്റി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയെങ്കിലും വിലയിൽ ധാരണയിലത്താൻ കഴിഞ്ഞിട്ടില്ല.

കെ.എസ്.ടി.പി. ഒന്നാം ഘട്ട റോഡ് പുന:നിർമ്മാണം

254 (1288) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിന്റെ ഭാഗമായി റോഡ് പുനർ നിർമ്മാണത്തിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുനർനിർമ്മാണത്തിനുള്ള അടങ്കൽ എത്രയാണ് ;

(സി) എന്തെല്ലാം പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത് ;

(ഡി) ഒന്നാം ഘട്ടമായി ഏതെല്ലാം പ്രദേശങ്ങളാണ് പുനർനിർമ്മിക്കുന്നത് ; നിർമ്മാണം എന്നത്തേക്ക് ആരംഭിക്കും ?

ഉത്തരം

(എ-ഡി) കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി വികസിപ്പിച്ച പാലക്കാട്- ഷൊർണ്ണൂർ റോഡ്, ചൂണ്ടൽ-കുറ്റിപ്പുറം റോഡ്, അടൂർ - ചെങ്ങന്നൂർ റോഡ്, മൂവാറ്റുപുഴ-അങ്കമാലി റോഡ്, മൂവാറ്റുപുഴ-തൊടുപുഴ റോഡ് എന്നീ 150 കി.മീറ്ററോളം വരുന്ന റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതിക്കായി ലോകബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. 172 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന ടി പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെൻഡർ ചെയ്ത നടപ്പിലാക്കുന്നതാണ്. റോഡുകളുടെ ഉപരിതലം പുതുക്കൽ, ഓടകൾ, കലുങ്കുകൾ ഇവയുടെ വൃത്തിയാക്കൽ, ആവശ്യമായ റോഡ് സുരക്ഷാ പ്രവൃത്തികൾ, റോഡ് മാർക്കിംഗ്, സൈൻ ബോർഡുകൾ എന്നീ പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

പി.ഡബ്ല്യു.ഡി. കരാറുകാർക്കുള്ള കുടിശ്ശിക

255 (1289) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യു.ഡി. കരാറുകാർക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം കരാർ പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) കുടിശ്ശിക തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കരാറുകാർക്ക് 28-2-2015 വരെ കുടിശ്ശിക ബില്ലിനത്തിൽ 1711.19 കോടി രൂപയും കെട്ടിടവിഭാഗത്തിൽ 02/2015 വരെ 477.97 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ 45.72 കോടി രൂപയും കുടിശ്ശിക നൽകാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly